**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല — പത്തിയൂർ ഗ്രാമപഞ്ചായത്ത് - 2006-2007 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-8 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 11,384/-രൂപ(പതിനൊന്നായിരത്തി മുന്നൂറ്റി എൺപത്തിനാല് രൂപ മാത്രം) യുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

സ.ഉ. (സാധാ) നം.2152/2016/തസ്വഭവ. തിരുവനന്തപുരം, തീയതി:19/07/2016

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 08/10/2015-ലെ എം3-32511/15 നമ്പർ കത്ത്

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 13/04/2016-ലെ കെ.എസ്.എ/14108/ പിറ്റി1/2015-ാം നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ പത്തിയൂർ ഗ്രാമപഞ്ചായത്തിന്റെ 2006-2007 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-8 പ്രകാരം "ചക്കംമുറി ബിജി ഭവനം-കലുങ്ക് നിർമ്മാണം" എന്ന പദ്ധതിയനുസരിച്ച് ഗുണഭോക്തൃസമിതി മുഖേന പദ്ധതി നടപ്പിലാക്കിയപ്പോൾ, ഗുണഭോക്തൃവിഹിതം ഈടാക്കാതെ കൺവീനർക്ക് മുഴുവൻ തുകയും നൽകിയതിനാൽ, അധികമായി ചെലവഴിച്ച 11,384/-രൂപ (പതിനൊന്നായിരത്തി മുന്നൂറ്റി എൺപത്തി നാല് രൂപ മാത്രം) ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു. ഗുണഭോക്തൃവിഹിതം ഈടാക്കാതെ പദ്ധതിവിഹിതം മാത്രം നൽകിയതിനാലാണ് ആഡിറ്റ് തടസ്സം വന്നിട്ടുള്ളത് .

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 29/06/2015 ലെ 4(2)ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ തീരുമാനം എന്നിവ സഹിതം ഗ്രാമപഞ്ചായത്ത്, പഞ്ചായത്ത് ഡയരക്ടർ മുഖേന പരാമർശം(1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന പ്രകാരം തുക ചെലവഴിക്കേണ്ടിവന്ന സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം

ഈടാക്കാൻ കഴിയാത്ത സാഹചര്യമുള്ളതിനാലാണ് പദ്ധതിപണം ഉപയോഗിച്ച് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് എന്ന് പഞ്ചായത്ത് വ്യക്തമാക്കിയിട്ടുണ്ട്.

ടി വിഷയത്തിൽ പരാമർശം(2) പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ , പഞ്ചായത്ത് ഡയരക്ടറുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ ഖണ്ഡിക 3-8 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ സർക്കാരിന് ഉചിതമായ തീരുമാനം എടുക്കാവുന്നതാണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പദ്ധതിയുടെ കാലപ്പഴക്കം പരിഗണിച്ചും ഗുണഭോക്തൃവിഹിതമായി വകയിരുത്തിയിരുന്നത് വളരെ തുച്ഛമായ തുകയാണെന്നത് പരിഗണിച്ചും പദ്ധതിപണം ഉപയോഗിച്ച് പ്രവൃത്തി ഫലപ്രദമായി പൂർത്തീകരിച്ചിട്ടുണ്ട് എന്ന പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ , പഞ്ചായത്ത് ഡയരക്ടറുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിലും ആലപ്പുഴ ജില്ലയിലെ പത്തിയൂർ ഗ്രാമപഞ്ചായത്തിന്റെ 2006-2007 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-8 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 11,384/-രൂപയുടെ (പതിനൊന്നായിരത്തി മുന്നൂറ്റി എൺപത്തിനാല് രൂപ മാത്രം) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഷിബു.എ.ടി
അണ്ടർസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
സെക്രട്ടറി, പത്തിയൂർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
വെബ്&ന്യൂ മീഡിയ,പബ്ലിക് റിലേഷൻ വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ